നികുതി ഏർപ്പെടുത്തി എന്നതാണ് മൂല്യ വർദ്ധിത നികുതി നിയമത്തിലെ പ്രധാനപ്പെട്ട മാറ്റം. കൂടാതെ, നികുതി ചരക്കു വിലയിൽപ്പെടാത്ത ലാഭമുൾപ്പെടെയുള്ള യഥാർത്ഥവിലയ്ക്കുമാത്രമേ നികുതി ചുമത്തുന്നുള്ളൂ. ഉയർന്ന നിരക്കിൽ നികുതി ചുമത്തപ്പെട്ട അനേകം സാധനങ്ങൾക്ക് മൂന്നാം പട്ടികയിൽ ഉൾപ്പെടുത്തി നികുതി നിരക്ക് 4% ആയി കുറച്ചു. കൂടാതെ കേരള പൊതു വിൽപ്പന നികുതി നിയമത്തിൽ നിലവിലുള്ള 1% മുതൽ 90% വരെയുള്ള നിരക്കുകൾ ക്രമീകരിച്ച് വെറും 3 നിരക്കുകളാക്കി.

(സി) നികുതി നിരക്കുകൾ കുറച്ചതുകൊണ്ടും അവസാന വാങ്ങൽ ഘട്ടത്തിൽ നികുതി വിധേയമായ ചരക്കുകൾക്ക് വിൽപ്പന ഘട്ടത്തിൽ നികുതി ഏർപ്പെടുത്തിയതുകൊണ്ടും അയൽ സംസ്ഥാനങ്ങളിലെ നികുതി നിരക്കിനേക്കാൾ നികുതി നിരക്കുകൾ കുറവായതിനാലും നികുതി ചോർച്ച കാര്യക്ഷമമായി തടയാൻ കഴിയുകയും മുൻകാലയളവിനേക്കാൾ നികുതി വരുമാനത്തിൽ 6% വർദ്ധനവ് ലഭിക്കുകയും ചെയ്തു.

(ഡി) 2005 മേയ് മാസത്തിൽ മാത്രം കുറവു വന്നു (5%).

(ഇ) ഇക്കൊല്ലത്തേയും കഴിഞ്ഞ കൊല്ലത്തേയും മേയ് മാസത്തിലെ വരുമാനത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

2004 മേയ് – 518.41 കോടി രൂപ.
2005 മേയ് - 492.46 കോടി രൂപ.

സുനാമിമൂലം സമുദ്രത്തിന്റെ അടിത്തട്ടിൽ ഉണ്ടായ വ്യതിയാനങ്ങൾ

*9 [36] *ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ:*
,, *ബി. വിജയകുമാർ:*
,, *ടി. എൻ. പ്രതാപൻ:*
,, *വർക്കല കഹാർ:*
,, *ജോർജ് ജെ. മാത്യു*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമിയെത്തുടർന്ന് സംസ്ഥാനത്തോട് ചേർന്ന സമുദ്രത്തിന്റെ അടിത്തട്ടിൽ എന്തെല്ലാം വ്യതിയാനങ്ങളാണ് ഉണ്ടായത്;

(ബി) ഇതുമൂലം മത്സ്യങ്ങളുടെ ആവാസ വ്യവസഹയ്ക്ക് മാറ്റം സംഭവിച്ചിട്ടുണ്ടോ;

(സി) ചാകര മേഖലകളിൽ പഴയതുപോലെ മത്സ്യലഭ്യത ഇപ്പോഴുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണങ്ങളെപ്പറ്റി പഠിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) എങ്കിൽ പരിഹാരമുണ്ടാക്കാൻ നടപടിയെടുക്കുമോ?

ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി *(ശ്രീ ഡൊമിനിക് പ്രസന്റേഷൻ)*:

(എ) ഇതിനെക്കുറിച്ചുള്ള ശാസ്ത്രീയ പഠനങ്ങൾ ഒന്നും തന്നെ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. ഫിഷറീസ് വകുപ്പിന് ഇത്തരം പഠനങ്ങൾ നടത്തുന്നതിനുള്ള സംവിധാനങ്ങളില്ല.

(ബി) ഇതു സംബന്ധിച്ച് കൊച്ചിയിലെ ഓഷ്യാനോഗ്രാഫി ഇൻസ്റ്റിറ്റ്യൂട്ട് ചില പഠനങ്ങൾ നടത്തുകയുണ്ടായി. സുനാമിക്കുശേഷം വിഴിഞ്ഞം, കൊല്ലം, ആലപ്പുഴ, കൊച്ചി, പൊന്നാനി, ബേപ്പൂർ എന്നിവിടങ്ങളിൽ 20 മീറ്റർ താഴ്ചവരെയുള്ള കടലിനടിത്തട്ടിൽനിന്നും സാമ്പിളുകൾ ശേഖരിക്കുകയുണ്ടായി. അവ സുനാമിക്ക് മുമ്പ് ശേഖരിച്ച സാമ്പിളുകളുമായി താരതമ്യ പഠനം നടത്തിയപ്പോൾ ആലപ്പുഴ ഒഴിച്ച് മറ്റു സ്ഥലങ്ങളിൽ ബയോമാസ് വർദ്ധിച്ചിരിക്കുന്നതായി കണ്ടു. ഇത് ആവാസ വ്യവസ്ഥയിലെ മാറ്റത്തെ സൂചിപ്പിക്കുന്നു. കടലിനടിയിലെ ജൈവോൽപ്പാദന വർദ്ധനവ് കടലിനടിത്തട്ടിലെ മത്സ്യോൽപ്പാദനത്തെ പ്രതികൂലമായി ബാധിക്കില്ല എന്നാണ് എൻ. ഐ. ഒ.-യുടെ നിഗമനം. 2005 ജനുവരിയിൽ 'ബാഗർ ബമ്പട'യിൽ എൻ. ഐ. ഒ.യും ഡി. ഒ. ഡി. യും സംയുക്തമായി നടത്തിയ സർവ്വേയിൽ 30 മീറ്റർ മുതൽ 100 മീറ്റർ താഴ്ചയുള്ള കടലിനടിത്തട്ടിൽ ബയോമാസിനു മാറ്റമൊന്നും സംഭവിച്ചിട്ടില്ല എന്നു കാണാൻ കഴിഞ്ഞു.

(സി) ഇതു സംബന്ധിച്ച് ശാസ്ത്രീയ വിശകലനങ്ങൾ നടന്നിട്ടുള്ളതായി റിപ്പോർട്ടുകൾ ലഭിച്ചിട്ടില്ല.

(ഡി) ബാധകമല്ല.

സുനാമിക്ക് വിധേയമായ സ്ഥലങ്ങളിൽ കടൽഭിത്തി കെട്ടുന്നതിന് കേന്ദ്ര സഹായം

*10 [37] *ശ്രീ. വി. ജെ. പൗലോസ്:*
,, പി. ടി. തോമസ്:
,, വി. ഡി. സതീശൻ:
,, എ. കെ. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തുടർച്ചയായ കടലാക്രമണത്തിനും സുനാമിയുടെ ഭീകര തിരകൾക്ക് വിധേയമായിട്ടുള്ളതുമായ സ്ഥലങ്ങളിൽ കടൽഭിത്തി കെട്ടുന്നതിന് കേന്ദ്രസഹായം ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) അതിനുള്ള പദ്ധതി കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly